**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4075** **27-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിന് റിപ്പോർട്ട് നൽകുന്നതിനായി 2012 ൽ പ്രത്യേക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; | (എ) | ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് 9 ാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ശ്രീ.കെ.ആർ.മുരളീധരൻ ഐ.എ.എസ്. (പഞ്ചായത്ത് ഡയറക്ടർ), ശ്രീ.എസ്.ദിവാകരൻ.പിള്ള ഐ.എ.& എ.എസ് (സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ) എന്നിവർ അടങ്ങിയ 2 അംഗ സമിതിയെ നിയോഗിച്ച് 27.10.2011-ലെ ജി.ഒ.(എം.എസ്) 269/2011/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമിതി സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രത്യേക സമിതി സമർപ്പിച്ച റിപ്പോർട്ട് ഗവണ്മെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ടി റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കി; അറിയിക്കുമോ; | (ബി) | ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി റിപ്പോർട്ടിലെ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലാർക്ക് തസ്തികയും അനുവദിച്ചിരുന്നു. കൂടാതെ 2015 ൽ 37 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി ഉയർത്തപ്പെടുകയും നഗരസഭകളിലേക്ക് കൂട്ടിചേർക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിന്റെ വിവിധ തസ്തികകളിൽ ഉണ്ടായിരുന്ന 448 തസ്തികകൾ വിവിധ തസ്തികകളായി അനുവദിച്ച് നൽകി ക്രമീകരിച്ചിട്ടുമുണ്ട്. |
| (സി) | ഇതിൽ ഏതൊക്കെ ശിപാർശകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതെന്നും ഇനി ഏതൊക്കെ ശിപാർശകൾ നടപ്പിലാക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012 ലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയ സമിതി റിപ്പോർട്ട് പ്രകാരം തസ്തികകൾ അനുവദിച്ചിട്ടില്ല. എങ്കിലും ആഭ്യന്തര വകുപ്പിൽ അധികമായി കണ്ടെത്തിയ 253 ക്ലാർക്കുമാരെ പഞ്ചായത്ത് വകുപ്പിൽ |

| | | | |
|---|---|---|---|
| | | | സൂപ്പർന്യൂമററിയായി പുനർ വിന്യസിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ജി.എസ്.ടി വകുപ്പിൽ നിന്ന് 208 ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ജോലിഭാരം കൊണ്ടുള്ള സമ്മർദ്ദം കാരണം ഗ്രാമപഞ്ചായത്ത് ജീവനക്കാരിൽ ആത്മഹത്യ വർദ്ധിക്കുന്ന പ്രവണത ഇല്ല. ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ജോലിഭാരം കൊണ്ടുള്ള സമ്മർദ്ദം കാരണം ഗ്രാമ പഞ്ചായത്ത് ജീവനക്കാരിൽ ആത്മഹത്യ വർദ്ധിക്കുന്നത് കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012 ലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയ സമിതി റിപ്പോർട്ട് പ്രകാരം തസ്തികകൾ അനുവദിച്ചിട്ടില്ല. എങ്കിലും ആഭ്യന്തര വകുപ്പിൽ അധികമായി കണ്ടെത്തിയ 253 ക്ലാർക്കുമാരെ പഞ്ചായത്ത് വകുപ്പിൽ സൂപ്പർന്യൂമററിയായി പുനർ വിന്യസിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ജി.എസ്.ടി വകുപ്പിൽ നിന്ന് 208 ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ജോലിഭാരം കൊണ്ടുള്ള സമ്മർദ്ദം കാരണം ഗ്രാമപഞ്ചായത്ത് ജീവനക്കാരിൽ ആത്മഹത്യ വർദ്ധിക്കുന്ന പ്രവണത ഇല്ല. ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ